പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3331 25-06-2012 -ൽ മറുപടിക്ക്.

## മുതലമടയിൽ ഡിസ്റ്റിലറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീമതി കെ. എസ്. സലീഖ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കുടിവെള്ളക്ഷാമം നേരിടുന്ന മുതലമട പ്രദേശത്ത് ഡിസ്റ്റിലറി സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഷോക്കോസ് നോട്ടീസിനെ തുടർന്നും, കോഴിക്കോട് വെങ്ങാലിപ്പാറയിൽ പ്രവർത്തിച്ചു വരുന്ന യുണൈറ്റഡ് ഡിസ്റ്റിലറി സമർപ്പിച്ച അപേക്ഷ, ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, പാലക്കാട് മുതലമട പഞ്ചായത്തിലേക്ക് മാറ്റാൻ പുതുതായി ഒരു ഡിസ്റ്റിലറി സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട എല്ലാ നിയമപരമായ നടപടി ക്രമങ്ങളും പാലിക്കണമെന്ന വ്യവസ്ഥയിൽ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ചട്ടം ഭേദഗതി ചെയ്തു കൊണ്ടാണോ സ്വകാര്യ ഡിസ്റ്റിലറി മാറ്റിസ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ളത്; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളിന്മേലാണ് ഭേദഗതി നടത്തിയത്; | (ബി) | നിയമ ഭേദഗതിയില്ലാതെ, ചില മുൻ കീഴ്വഴക്കങ്ങൾക്കും, ടി ഡിസ്റ്റിലറിയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും, സംസ്ഥാന ഖജനാവിലേക്ക് നികുതി ചോർച്ച ഉണ്ടാകാതിരിക്കുന്നതിനുമായി, ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി ഒരു ഡിസ്റ്റിലറി സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട എല്ലാ നിയമപരമായ നടപടി ക്രമങ്ങളും പാലിക്കണമെന്ന വ്യവസ്ഥയിലാണ് അനുമതി നൽകിയിരിക്കുന്നത്. |
| (സി) | നിലവിലുള്ള ഡിസ്റ്റിലറിയുടെ ഉൽപ്പാദനശേഷിയും പുതുതായി സ്ഥാപിക്കാൻ അനുമതി നൽകിയ ഡിസ്റ്റിലറിയുടെ ശേഷിയും തമ്മിൽ വ്യത്യാസം ഉണ്ടോ; എങ്കിൽ എത്ര ശതമാനം? | (സി) | ഇല്ല. |

സെക്ഷൻ ആഫീസർ